Page 1 of 1

ഇവിടെ അവതരിപ്പിച്ചു. അതിൽ അദ്ദേഹം ഉന്നയിച്ചത് ഗവൺമെന്റിനെതിരായ ഒരു അലിഗേഷൻ ആയിരുന്നു.

Rule 304. A member, who wishes to bring to the notice of the Assembly any matter which is not a point of order, ................

അങ്ങനെയുള്ള ഒരു വിഷയത്തെ സബ്മിഷൻ ഉന്നയിക്കാൻ പാടുണ്ടോ? പക്ഷെ ഇന്നലെ ഈ സഭയിൽ സബ്മിഷൻ എന്ന അവകാശം ദുരുപയോഗപ്പെടുത്തിക്കൊണ്ട് 20 മിനിട്ടു സമയം ഗവൺമെന്റിനെതിരായി ആരോപണമുന്നയിച്ചു. ഇത് അങ്ങ് അനുവദിക്കുന്നത് ശരിയല്ല. അത് സഭയുടെ നടത്തിപ്പിന് ഗുണകരമായിരിക്കുകയില്ല. നിരാസിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ : സബ്മിഷന് അനുവാദം ലഭിച്ചുകഴിഞ്ഞാൽ സംസാരിക്കുന്ന കൂട്ടത്തിൽ അലിഗേഷൻ ഉന്നയിക്കാൻ പാടില്ല. അങ്ങനെ ആരോപണമുന്നയിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിലുണ്ടാവുകയില്ല. ഇന്നലത്തെ കാര്യം പ്രത്യേകം പരിശോധിച്ചതിനുശേഷം അറിയിക്കാം.

## V. റൂളിംഗ്

മി. സ്പീക്കർ : നോട്ടിഫിക്കേഷൻ മുതലായവ സഭയിൽ സമർപ്പിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടെന്നും ഇതിനുള്ള വിശദീകരണങ്ങൾ തൃപ്തികരമല്ലെന്നുമുള്ള കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നലെ ഒരു ക്രമപ്രശ്നമായി ഉന്നയിച്ചിരുന്നു.

ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം ചെയർ പരിശോധിച്ചു. വിവിധ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സഭയിൽ സമർപ്പിക്കേണ്ടറൂൾസ്. നോട്ടിഫിക്കേഷൻ മുതലായവ യഥാസമയത്ത് സഭയിൽ സമർപ്പിക്കുന്നുണ്ടോ, കാലതാമസമുണ്ടെങ്കിൽ അതിനുള്ള കാരണത്തിന്റെ വിശദീകരണം തൃപ്തികരമാണോ എന്നിവ പരിശോധിക്കുന്നതിന് "കമ്മിറ്റി ഓൺ പേപ്പേഴ്സ് ലെയ്ഡ് ഓൺ ദി ടേബിൽ" എന്ന ഒരു സമിതിയുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചിരിക്കുന്ന ഈ പ്രശ്നം, വിശദമായി പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ ഗവൺമെന്റ് സെക്രട്ടറിമാരേയും മറ്റുദ്യോഗസ്ഥന്മാരേയും കമ്മിറ്റി മുമ്പാകെ വിളിച്ചുവരുത്തി വിശദീകരണം തേടി അനന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി ചെയർ ഈ പ്രശ്നം "കമ്മിറ്റി ഓൺ പേപ്പേഴ്സ് ലെയ്ഡ് ഓൺ ദി ടേബിളി"ന് റഫർ ചെയ്തിരുന്നു.

## VI. ക്രമപ്രശ്നം

### ശ്രീ. ആർ. ബാലകൃഷ്ണപിള്ള നിയമസഭാംഗമായി തുടരുന്നതിന് അയോഗ്യത കല്പിക്കണമെന്ന ആവശ്യം

ശ്രീ. പി. രാഘവൻ : സർ, ഞാൻ വളരെ ഗൗരവമായ ഒരു പ്രശ്നം സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പൊതുപ്രവർത്തക അഴിമതി നിരോധന നിയമപ്രകാരം നമ്മുടെ നിയമസഭയിലെ ഒരംഗമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള തിരുവനന്തപുരം വിജിലൻസ് കോടതിയുടെ വിധിയെ

LIBRARY ARCHIVES Kerala Legislative Assembly